# St. Peter's Jacobite Syrian Orthodox Church

## In This Issue


1. November 2010 വിശേഷദിവസങ്ങൾ
2. പരിശുദ്ധ പരുമല തിരുമേനി - ജീവിതത്തെ ക്രിയാത്മകമായി കണ്ട കർമ്മനിരതനായ വിശുദ്ധൻ - ഫാ. തോമസ് നെടിയപാലയ്ക്കൽ
3. Quiz No. 9
4. Confidence is Half The Victory - Mrs. Leela Alexander 5
5. Announcements
6. October, 2010 Events
7. New Members
8. Bible Crossword No. 9 - Mrs. Leela Alexander
9. Answers & Winners of Bible Crossword No. 8
10. Greetings

# November 2010 വിശേഷദിവസങ്ങൾ



November 5 – Feast of Parumala Thirumeni

പരിശുദ്ധനായ പരുമല തിരുമേനി,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

**Family Healthcare**

November 18 (Thursday), Morning – A Seminar on “Family Healthcare” organized by Marthamariam Vanithasamajam. Dr. Dennis Sebastian, Assistant Director, Medical & TPA, Arab Insurance Group will conduct the class.




November 19 – Cottage Prayer Meeting will be held at the Church arranged by Mr. Sabu Varkey & Family at 7.30 PM

## Welcome to AGAPE 2010

Revelation 3:20

Behold, I stand at the door and knock:
if any man hears my voice
and opens the door,
I will come in to him,
and will sup with him,
and he with me.

November 26 Evening – Agape 2010 at the Indian School Auditorium

# പരിശുദ്ധ പരുമല തിരുമേനി

## ജീവിതത്തെ ക്രിയാത്മകമായി കണ്ട കർമ്മനിരതനായ വിശുദ്ധൻ



പരിശുദ്ധ സഭ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനു മുമ്പുതന്നെ ജനങ്ങൾ തങ്ങളുടെ അനുഭവങ്ങളിലൂടെ വിശുദ്ധനെന്ന് അംഗീകരിക്കപ്പെട്ടവനാണ് പരിശുദ്ധനായ ചാത്തുരുത്തിൽ ഗീവർഗീസ് കൊച്ചുതിരുമേനി. നവംബർ ആദ്യവാരത്തിൽ ഈ വിശുദ്ധന്റെ സ്മരണ മലങ്കര സഭാ വിശ്വാസികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതുക്കുമ്പോൾ അനുഗ്രഹത്തിന്റെ നീർചാലുകൾ സഭാമക്കളുടെ ജീവിതങ്ങളിലേയ്ക്ക് കുളിർമ്മ ചൊരിഞ്ഞ്, വിശുദ്ധീകരിച്ച് അനുഗ്രഹീതമാക്കുന്നു.

ലോകത്തിൽ നിന്നും വ്യതിരിക്തരായ, വേർതിരിക്കപ്പെട്ട ദൈവഭക്തർ ദൈവത്തോടു താദാത്മ്യപ്പെട്ടു ദൈവസാന്നിദ്ധ്യസംസർഗ്ഗവലയത്തിനുള്ളിൽ പ്രകാശിതരായി ശോഭിക്കുമ്പോൾ അവരെ നാം വിശുദ്ധരായി അംഗീകരിക്കുന്നു. സുറിയാനി സഭാ വിശ്വാസമനുസ്സരിച്ച് ദൈവം മാത്രമാണ് പരിശുദ്ധൻ! എന്നാൽ ദൈവവുമായുള്ള നിരന്തരസംസർഗ്ഗത്തിലായി ദൈവസാന്നിദ്ധ്യം ജീവിതത്തിന്റെ അനുനിമിഷങ്ങളിൽ അനുഭവിക്കുമ്പോൾ ദൈവപരിശുദ്ധിയുടെ പ്രകാശകിരണങ്ങൾ തന്റെ ഭക്തരിൽ പ്രതിബിംബിക്കുന്നു. ക്രിസ്തു പിതാവായ ദൈവത്തിലും പിതാവായ ദൈവം പുത്രനിലും വസിക്കുന്നതുപോലെ വിശ്വാസികൾ ക്രിസ്തുവിലാകുമ്പോൾ, വസിക്കുമ്പോൾ അവരും ദൈവത്തിന്റെ വിശുദ്ധിയാൽ പരിശുദ്ധാത്മവാസത്താൽ വിശുദ്ധീകരിക്കപ്പെട്ട് വിശുദ്ധരാകുന്നു. ഇത്തരത്തിൽ വിശുദ്ധീകരിക്കപ്പെട്ട പരിശുദ്ധനായ പരുമല തിരുമേനി സഭാമേലദ്ധ്യക്ഷൻ, വാഗ്മി, മൽപാൻ, സാമൂഹ്യ പരിഷ്കർത്താവ്, പുരോഗമന ദർശകൻ, വിദ്യാഭ്യാസ വിചിന്തകൻ, സഞ്ചാരസാഹിത്യകാരൻ എന്നീ നിലകളിലൂടെ ജീവിതത്തെ ക്രിയാത്മകമാക്കി കർമ്മനിരതനായ വിശുദ്ധനായി മാറി.

പരിശുദ്ധ തിരുമേനി മുളന്തുരുത്തി ചാത്തുരുത്തി വീട്ടിൽ കൊച്ചുമത്തായിയുടെയും മറിയാമ്മയുടെയും അഞ്ചാമത്തെ മകനായി 1848 ജൂൺ 15 ന് ഭൂജാതനായി. 1858 സെപ്തം ബർ 14 ന് മാത്യൂസ് മോർ അത്താനാസിയോസിൽ നിന്നും കോറൂയോ പട്ടം സ്വീകരിക്കുകയും യൂയാക്കീം മോർ കൂറിലോസ് ബാവായാൽ 1865 തുലാം മാസത്തിൽ മ്ശംശോനൊ പട്ടം നൽകപ്പെടുകയും അദ്ദേഹത്താൽ തന്നെ അടുത്തമാസം കശീശ്ശ പട്ടവും കോർ എപ്പിസ്കോപ്പ സ്ഥാനവും നൽകപ്പെട്ടു. 1872 ൽ പുലിക്കോട്ടിൽ ജോസഫ് മോർ ദിവന്നാസിയോസ് റമ്പാൻ സ്ഥാനം നൽകുകയും 1876 ഡിസം. 10 ന് പരിശുദ്ധന്റെ 28-ാമത്തെ വയസ്സിൽ, പരിശുദ്ധ പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ബാവ മെത്രാൻ സ്ഥാനം നൽകി. 1902 നവം. 3 ാം തീയതി 54 -ാമത്തെ വയസ്സിൽ കാലം ചെയ്തു പരുമല പള്ളിയിൽ അടക്കപ്പെട്ടു. 1987 ഡിസം. 20-ാം തീയതി പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ കൽപ്പനയാൽ ഈ പരിശുദ്ധന്റെ നാമം അഞ്ചാം തുബ്ദേനിൽ ചേർക്കപ്പെട്ടു. ഈ പരിശുദ്ധന്റെ സമർപ്പണ ജീവിതം, ഗുരുഭക്തി, സത്യവിശ്വാസം, ലളിതജീവിതം, വിനയം, ലൗകികതയോടുള്ള വിരക്തി, സാമൂഹ്യപ്രതിബദ്ധത, ദൈവസംസർഗ്ഗത്തിൽ ലഭിച്ച സിദ്ധികൾ മുതലായവ ശ്രദ്ധേയമാണ്.

**സമർപ്പണജീവിതം**

കൊച്ചു ശെമ്മാനായിരിക്കുമ്പോൾ 'കനകല്ലൂരി' എന്ന വസൂരി ഇനത്തിലെ ഭയങ്കര സാംക്രമിക രോഗം ബാധിച്ച് കിടപ്പിലായി. അക്കാലത്ത് വസൂരി ബാധിച്ചാൽ രക്ഷപ്പെടുക അസാദ്ധ്യം! എന്നാൽ ഇതിൽ നിന്നും പരിപൂർണ്ണ രോഗവിമുക്തി ലഭിച്ച ശെമ്മാശ്ശൻ തന്റെ ജീവിതത്തെ കൂടുതലായി ദൈവത്തിന് സമർപ്പിക്കുവാൻ ഇടയായി. നമ്മുടെ ജീവിതത്തിൽ വൈരുദ്ധ്യാനുഭവങ്ങളും കയ്പേറിയ അനുഭവങ്ങളും ഉണ്ടാകുമ്പോൾ അവ ദൈവത്തോട് നമ്മെ കൂടുതൽ അടുപ്പിക്കുവാനുള്ള മുഖാന്തിരങ്ങളാകുവാൻ നമുക്കും സാധിക്കണം. അത്ഭുതകരമായി മരണവക്ത്രത്തിൽ നിന്നും രക്ഷിതനായ ഈ ശെമ്മാശ്ശൻ തന്റെ ഭാവിയെ പൂർണ്ണമായും ദൈവത്തിനായി സമർപ്പിച്ചത് ഒരു മാതൃകയായി തലമുറകൾക്ക് നിലകൊള്ളുന്നു.

**ക്രൃത്യനിഷ്ഠ**

ജീവിതം അർത്ഥവത്താകണമെങ്കിൽ ക്രൃത്യനിഷ്ഠയോടെയുള്ള ജീവിതം അനിവാര്യമാണ്, നിത്യതയുടെ വീക്ഷണമുള്ളവനേ സമയത്തിന്റെ മൂല്ല്യബോധം ഉണ്ടാവുകയുള്ളൂ എന്ന് കാർലൈൻ പറഞ്ഞത് തിരുമേനിയുടെ ജീവിതത്തിൽ തികച്ചും അന്വർത്ഥമാണ്. പരി. തിരുമേനിയുടെ ദിനചര്യ ഇപ്രകാരമാണ്: ഉത്ഥാനം; പ്രഭാതം 4 മണി, 5 വരെ പൊതുപ്രാർത്ഥന, 5 7 ശെമ്മാശ്ശന്മാർക്കു വേദപാഠം സ്വയം രഹസ്യപ്രാർത്ഥന പ്രഭാതഭക്ഷണം, 9 നു പ്രാർത്ഥന 11 വരെ ക്ലാസ്സ്, 11 മുതൽ 12 വരെ പള്ളിഭരണകാര്യങ്ങൾ 12 പ്രാർത്ഥന, ഭക്ഷണം, വിശ്രമം. 1.30 4 ക്ലാസ്സ്, 3 മണിക്കു തനിച്ചു പ്രാർത്ഥന. ബുധൻ വെള്ളി നോമ്പു ദിവസങ്ങളിൽ 3 മണി കഴിഞ്ഞു മാത്രം ഭക്ഷണം, 4 കഴിഞ്ഞാൽ ഭരണകാര്യങ്ങൾ. 5.30 സന്ധ്യാപ്രാർത്ഥന, മുററത്തു നടത്തം, പിന്നീട് ക്ലാസ്സ്. 9 സൂത്താറ തനതു ധ്യാനവായന, 10 ശയനം. കൂടാതെ രാത്രിയിൽ പലപ്പോഴും എഴുന്നേററ് പ്രാർത്ഥിക്കും. പള്ളി സന്ദർശനവേളയിലും തന്റെ ആത്മീയചര്യകൾക്ക് വ്യത്യാസമില്ല. ഇതനുസ്സരിച്ച് വരുവാനുള്ള രാജ്യത്തെ മുന്നിൽ കണ്ടുകൊണ്ട് പരി. തിരുമേനി തന്റെ ജീവിതത്തെ ക്രിയാത്മകമാക്കി.

**സത്യസന്ധത**

താൽക്കാലിക വിജയത്തിനും ഭൗതികനേട്ടങ്ങൾക്കുമായി യാതൊരു സങ്കോചവുമില്ലാതെ സത്യത്തെ നിഷേധിക്കുന്നവർക്ക് പരി. തിരുമേനിയുടെ സത്യസന്ധത അനുകരണീയമാണ്. അതിന് ഉദാത്തോദാഹരണമാണ് തിരുവാങ്കുളം കുരിശിൻ തൊട്ടിയുമായി ബന്ധപ്പെട്ട സംഭവം. കരിങ്ങാച്ര പള്ളിയുടേതായി തിരുവാങ്കുളത്ത് സ്ഥാപിച്ചിരിക്കുന്ന കുരിശിന്തൊട്ടിയിൽ ഒരിക്കൽ തിരുമേനി ധൂപാർപ്പണം നടത്തി. അവിടെയുള്ള ചിലർ കുരിശിൻ തൊട്ടി മാററി സ്ഥാപിക്കുന്നതിനായി പള്ളി കൈക്കാരനെയും മററും പ്രതികളാക്കി കൊച്ചി മജിസ്ട്രേററു കോടതിയിൽ അന്യായം ഫയൽ ചെയ്തു. ഒരു സാക്ഷിയായിത്തീർന്ന തിരുമേനി കുരിശിൻ തൊട്ടിയിൽ ധൂപം വെച്ചിട്ടില്ല എന്നു കോടതിയിൽ സാക്ഷി പറഞ്ഞാൽ തങ്ങൾക്ക് വിജയം ഉണ്ടാകുമെന്ന് പള്ളിക്കാർ അറിയിച്ചു. എന്നാൽ 'കുരിശും തൊട്ടിയിൽ ധൂപർപ്പണം നടത്തിയിട്ടുണ്ടോ'? എന്ന് എതിർഭാഗം വക്കീൽ ചോദിച്ചപ്പോൾ 'ഉവ്വ്' എന്നായിരുന്നു തിരുമേനിയുടെ മറുപടി. അവസാനം അനുരഞ്ജനത്തിലൂടെ വാദികളും പ്രതികളും സുഹൃത്തുക്കളായി.

**ഗുരുഭക്തി**

പെരുമ്പള്ളിയിൽ ഇപ്പോൾ കുരിശിൻ തൊട്ടി ഇരിക്കുന്നിടത്തായിരുന്നു പരി. തിരുമേനി പഠിച്ച ആശാൻ കളരി. തിരുമേനിയുടെ ആശാൻ ഓണക്കാവിൽ അയ്യ എന്നൊരാളായിരുന്നു. ഈ ഗുരുഭൂതൻ തിരുമേനി മുളന്തുരുത്തിയിലുണ്ടെന്നറിഞ്ഞ് കാണുവാൻ വന്നു. ആത്മീയമായി ഉന്നതനായ തിരുമേനിയുടെ കാൽക്കൽ വീണു വന്ദിക്കുവാൻ അദ്ദേഹം ശ്രമിച്ചു. തിരുമേനി അതിനവസരം നൽകാതെ ഗുരുവിന്റെ കാൽക്കൽ വീണു വന്ദിക്കുകയും ദക്ഷിണയായി 2 പവൻ സമ്മാനിക്കുകയും ചെയ്തു.

തന്റെ പിതൃസഹോദരൻ പള്ളത്തട്ട ഗീവർഗ്ഗീസ് മൽപ്പാനായിരുന്നു തിരുമേനിയുടെ മൽപ്പാൻ. അദ്ദേഹം വസൂരി രോഗം ബാധിച്ച് കിടപ്പിലായിരുന്ന അവസരത്തിൽ വേണ്ട ശുശ്രൂഷകൾ ചെയ്തത് ഗീവർഗ്ഗീസ് ശെമ്മാശ്ശനായിരുന്നു എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. സാംക്രമികരോഗമായിരുന്നിട്ടും ഗുരുവിനെ ശുശ്രൂഷിക്കുവാനും പരിചരിക്കുവാനും തിരുമേനി ശെമ്മാശ്ശനായിരുന്നപ്പോൾ കാണിച്ച മനോഭാവം ഏറെ അനുകരണീയമാണ്. അതിന്റെ ഫലമായിട്ടാണ് അദ്ദേഹത്തിനും വസൂരി പിടിപെട്ടത്.

**ക്രിസ്തുവിൽ നിരപ്പാകൽ അനുരഞ്ജനം**

ഭക്തിയുടെയും വിനയത്തിന്റെയും മകുടോദാഹരണമായിരുന്ന തിരുമേനി താൻ സ്നേഹിക്കുന്നവരുടെ മുമ്പിൽ കോപിഷ്ടനാകുമായിരുന്നു. പരുമല തിരുമേനിയുടെ ശിഷ്യനായിരുന്നു കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് തിരുമേനി. മോർ കൂറിലോസ് വൈദികനായിരിക്കുമ്പോൾ വെട്ടിക്കൽ ദയറ, പഴയ സെമിനാരി, പരുമല സെമിനാരി തുടങ്ങിയ സ്ഥാപനങ്ങളുടെ ചുമതല തിരുമേനി അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു.

ഒരിക്കൽ പരുമലയിൽ പോയി പ്രവർത്തിച്ച അദ്ദേഹത്തെ ചിലർ കളിയാക്കുകയും വേദനിപ്പിക്കുകയും ചെയ്തു. അതിൽ ദു:ഖിതനായ അച്ചൻ വിവരമെല്ലാം തിരുമേനിയോട് പറയുകയും താൻ ഇനി അവിടേയ്ക്കില്ല എന്നറിയിയ്ക്കുകയും ചെയ്തു. ആളുകൾ പരിഹസിക്കുന്നതാണ് കാരണമെന്നറിഞ്ഞപ്പോൾ തിരുമേനി കോപിച്ചു. 'ഇവനെ ചെകുത്താൻ പിടിച്ചല്ലോ' എന്നായിരുന്നു ആദ്യപ്രതികരണം. തുടർന്ന് അച്ചനെ കൂടെ പ്രാർത്ഥിക്കാനൊ, ഭക്ഷിക്കാനൊ അനുവദിച്ചില്ല. അച്ചന് ഇത് കഠിനമായ മനോവേദനയ്ക്ക് കാരണമായി.

അവിചാരിതമായി അന്നു വൈകിട്ട് ജോസഫ് മോർ ദിവന്നാസിയോസ് തിരുമേനി അവിടെ എത്തിച്ചേർന്നു. അദ്ദേഹം പള്ളിയിലേയ്ക്ക് നടക്കുമ്പോൾ അച്ചന്റെ ഏങ്ങലടി കേട്ട് വിവരം തിരക്കി. സംഭവം അറിഞ്ഞപ്പോൾ അച്ചനെ ആശ്വസിപ്പിച്ച് അച്ചനെയും കൂട്ടി തിരുമേനിയുടെ വാതിൽക്കൽ മുട്ടി. വാതിൽ തുറന്നു പുറത്തു വന്ന തിരുമേനിയുടെ കണ്ണുകൾ കരഞ്ഞു കലങ്ങിയിരുന്നു. കണ്ണുനീരാൽ കുപ്പായം നനഞ്ഞിരുന്നു. തിരുമേനി മുറി അടച്ചിരുന്നു കരയുകയായിരുന്നു.

'ഇവനെ ഞാൻ പ്രാണനുതുല്ല്യം സ്നേഹിച്ചു, പക്ഷേ ഇവനെ പിശാച് പിടിച്ചു. ആളുകൾ ആക്ഷേപിച്ചപ്പോൾ ഇവൻ ദു;ഖിതനും നിരാശനും ആയതിന്റെ അർത്ഥം ഇവൻ പ്രശംസ ആഗ്രഹിക്കുന്നുവെന്നാണ്. അപഹാസത്തിൽ തളരാതെയും പ്രശംസയിൽ അഹങ്കാരപ്പെടാതെയും സ്വയം സൂക്ഷിക്കേണ്ടവരാണു പട്ടക്കാർ' എന്ന് തിരുമേനി പ്രതിവചിച്ചു.

വലിയ തിരുമേനി അപ്പോൾ അസ്തമയ സൂര്യനെ കാട്ടിക്കൊണ്ടു ചോദിച്ചു. സൂര്യൻ അസ്തമിക്കുവാൻ പോകുന്നു, നാളെ വിശുദ്ധ കുർബ്ബാന ചൊല്ലുന്നുണ്ടൊ'?

ഉടനെ അച്ചനെ മാറോടണച്ച് ആശ്വസിപ്പിച്ചു. അച്ചൻ തിരുമേനിയുടെ കാൽക്കൽ വീണ് ക്ഷമചോദിക്കുകയും ചെയ്തു. 'സൂര്യൻ അസ്തമിക്കും മുമ്പ് നിന്റെ സഹോദരനോട് നിരന്നു കൊൾക' എന്ന വചനം ഓർപ്പിക്കുവാനായിരുന്നു വലിയ തിരുമേനി അസ്തമയ സൂര്യന്റെ കാര്യം പറഞ്ഞത്.

**സാമൂഹ്യപ്രതിബദ്ധത**

തീണ്ടലും തൊട്ടുകൂടായ്മയും നടമാടിയിരുന്ന പത്തൊൻപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അഗണ്യകോടിയിൽ തള്ളപ്പെട്ടിരുന്ന അധ:സ്തിതരെ വിശ്വാസം പഠിപ്പിച്ച് സഭയിലേയ്ക്കു ചേർക്കാനുള്ള പ. തിരുമേനിയുടെ നടപടി വിപ്ളവകരമായിരുന്നു എന്നു പറയാതെ തരമില്ല. ശമര്യ സ്ത്രീയോട് യാതൊരു സങ്കോചവും കൂടാതെ സംസാരിക്കുന്ന യേശുവിനെ അത്ഭുതത്തോടു കൂടി കണ്ട ശിഷ്യരെപ്പോലെയാണ് സുറിയാനിസഭയിലെ പലരും തിരുമേനിയുടെ ഈ നടപടിയെക്കണ്ടത്. സുറിയാനിക്കാരുടെ ഇടയിലുള്ള സുവിശേഷപ്രവർത്തനങ്ങൾക്കായി സ്വജാതിമിഷൻ സ്ഥാപിച്ചതിനു പുറമെ പുലയ സമുദായത്തിനു വേണ്ടി മാത്രം പുറജാതി മിഷൻ സ്ഥാപിക്കുകയും അവരെ സഭയിലേയ്ക്ക് ചേർക്കുന്നതിന് നിശ്ചയങ്ങൾ ചെയ്യുകയും പള്ളിക്കാരെ പ്രോൽസാഹിപ്പിക്കുകയും ചെയ്തത് സുറിയാനിസഭയുടെ വീക്ഷണത്തിൽ വന്ന പുതിയൊരു വഴിത്തിരിവായിരുന്നു. മാത്രമല്ല അവർക്ക് വിവേചനം കൂടാതെ ദൈവത്തെ ആരാധിക്കുവാൻ 'പെലപ്പള്ളികൾ' സ്ഥാപിച്ചത് അന്നത്തെക്കാലത്ത് ഏറെ പുരോഗമന പരമായിരുന്നു. മാത്രമല്ല ദൈവീകമായ കാഴ്ചപ്പാടും ആയിരുന്നു'

പരിശുദ്ധ തിരുമേനിയുടെ യരുശലേം സന്ദർശനം കഴിഞ്ഞ് (1895 ൽ) പരുമല പള്ളിയിൽ ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗം ഇവിടെ ചേർക്കുന്നു: " ...... ക്രിസ്ത്യാനികളായ നാം ചെയ്യേണ്ടത് എന്തെല്ലാമാണെന്നാലോചിക്കാം. ഈ നാട്ടിൽ അജ്ഞാനികളായി ദാരിദ്ര്യത്തിൽ മുഴുകി പാപം ചെയ്തും കഷ്ടപ്പെട്ടും വസിക്കുന്ന അനവധി ആളുകളുണ്ട്. താഴ്ന്ന ജാതിക്കാരെന്നു പറഞ്ഞുവരുന്ന പുലയർ മുതലായവർക്ക് രാജപാതയിൽ സഞ്ചാരമൊ സഹസൃഷ്ടികളോടുള്ള അടുപ്പമോ സാദ്ധ്യമല്ലാതെയാണിരിക്കുന്നത്. ഈ സാധുക്കൾക്ക് സത്യമായ ദൈവവിശ്വാസം ഉണ്ടാകേണ്ടതും അവരുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും അവർക്ക് അറിവുണ്ടാക്കിക്കൊടുത്ത് അവരെ പാപങ്ങളിൽ നിന്നും കുററങ്ങളിൽ നിന്നും രക്ഷിക്കേണ്ടതും നമ്മുടെ മുഖ്യമായ കർത്തവ്യമാകുന്നു...... '

## അത്ഭുതങ്ങൾ

തിരുമേനിയാൽ പ്രവർത്തിക്കപ്പെട്ട പല അത്ഭുതങ്ങളും ഇന്ന് പ്രസിദ്ധമാണ്. അവയിൽ ചിലത് ഇവിടെ കുറിക്കുന്നു.

പ. തിരുമേനി തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ താമസിക്കുന്ന കാലത്ത് തിരുമേനിയുടെ ഭൃത്യനെ അടിച്ചു വേദനപ്പെടുത്തിയ ഒരു മനുഷ്യന്റെ കൈ വേഗം സ്തംഭിക്കപ്പെടുകയുണ്ടായി. തിരുമേനിയെ സമീപിച്ച ആ മനുഷ്യ ് വേണ്ട സദുപദേശങ്ങൾ നൽകി അയച്ചപ്പോൾ അയളുടെ കൈയ്ക്ക് സൗഖ്യം ലഭിക്കുകയുണ്ടായി.

അവിടെ താമസിക്കുന്ന കാലത്ത് വൈദ്യ നിർദ്ദേശ പ്രകാരം തിരുമേനിയ്ക്ക് കുറച്ച് വെണ്ണ ആവശ്യമായിവന്നു. വെണ്ണയ്ക്കായി സമീപത്തുള്ള ഒരു വീട്ടിൽ ഭൃത്യനെ അയച്ചു. ആവശ്യത്തിനു വെണ്ണയുണ്ടായിരുന്നിട്ടും നിഷേധാത്മകമായ മറുപടിയാണ് ഗ്രൃഹനായികയിൽ നിന്നും ലഭിച്ചത്. എന്നാൽ അടുത്ത ദിവസം പശുവിനെ കറന്നപ്പോൾ പാലിനു പകരം രക്തമാണ് ലഭിച്ചത്. പശ്ചാത്താപവിവിശയായ ആ സ്ത്രീയെ പ. തിരുമേനി ആശ്വസിപ്പിച്ച് അനുഗ്രഹിച്ച് അയച്ചു.

മക്കളില്ലാതെ ദു:ഖിതയായ ഒരു ഹൈന്ദവ സ്ത്രീ പ. തിരുമേനിയെ സങ്കടമറിയിച്ചു. പ. തിരുമേനി വി. മദ്ബഹായിൽ കയറി പ്രാർത്ഥിച്ചശേഷം ധൂപക്കുററിയിൽ നിന്നും അൽപ്പം ചാരം വെള്ളത്തിൽ കലക്കി ആ സ്ത്രീയ്ക്കു നൽകി അനുഗ്രഹിച്ചു. അടുത്ത വർഷം തന്നെ ആ സ്ത്രീ തന്റെ കുഞ്ഞുമായി തിരുമേനിയുടെ സന്നിധിയിലെത്തി.

വടക്ക് ഒരു പള്ളിയിൽ പള്ളികൈക്കാരന്റെ കണക്ക് കള്ളമെന്ന് പരക്കെ ആക്ഷേപമുണ്ടായി. അതു ശരിയായിരുന്നു താനും. പ. തിരുമേനി അദ്ദേഹത്തോട് വി. മദ്ബഹാ മുമ്പാകെ തന്റെ ഭാഗം സത്യമാണെന്ന് പറയാമൊ എന്നു ചോദിച്ചു. ആ മനുഷ്യൻ നിർവ്വിശങ്കം സത്യം ചയ്തു. ഇനി ദൈവം നോക്കിക്കൊള്ളുമെന്ന് പറഞ്ഞ് പ. തിരുമേനി താക്കോൽകൂട്ടം ആ മനുഷ്യന്റെ മുമ്പിൽ ഇട്ടു കൊടുത്തു. അന്നുമുതൽ ആ മനുഷ്യനു ബുദ്ധിഭ്രമം പിടിച്ചുവെന്നും അതു തലമുറകളോളം നീണ്ടു നിന്നു എന്നും പറയപ്പെടുന്നു!

കുറിച്ചി കോലത്തുകുളത്ത് അച്ചന്റെ കബറടക്കത്തിൽ സംബന്ധിക്കുന്നതിനായി കല്ലുങ്കത്ര നിന്നും വള്ളത്തിൽ കുറിച്ചിയിലേയ്ക്ക് കായൽ വഴി പ. തിരുമേനിയ്ക്ക് സഞ്ചരിക്കേണ്ടി വന്നു. മാർഗ്ഗമദ്ധ്യേ വലിയ കാററും കോളുമുണ്ടായി. വള്ളക്കാർക്ക് മുന്നോട്ട് പോകുവാൻ ഭയമായി. പ. തിരുമേനി എഴുന്നേററ് പ്രാർത്ഥിച്ചു, വെള്ളത്തിന്മേൽ കുരിശടയാളം വരച്ചു. കായൽ പരിപൂർണ്ണമായി ശാന്തമായത്രെ!

പുലിക്കോട്ടിൽ മോർ ദീവന്നസിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ജൂബിലി കോട്ടയത്തു വെച്ച് നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ (1077 വൃശ്ചികം 12) ശക്തമായ മഴ ആരം ഭിച്ചു. പ. തിരുമേനി ജനമദ്ധ്യത്തിൽ നിന്ന് പ്രാർത്ഥിച്ചു. എന്നിട്ട് ശക്തമായ കാററും മഴയും ദൈവം മാററിക്കൊള്ളും എന്ന് ജനത്തോട് കൽപ്പിച്ചു. മഴയും കാററും നിലച്ചു! ജൂബിലി ആഘോഷങ്ങൾ വിജയകരമായി നടത്തുവാൻ സാധിച്ചു.

ഈ വിവരിച്ച അത്ഭുതങ്ങളെല്ലാം പരിശുദ്ധന്റെ ജീവകാലത്ത് സം ഭവിച്ചതും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അത്ഭുതങ്ങളിൽ ചിലതു മാത്രാമാണ്. ഇവയ്ക്കു ശേഷം ഒരു നൂററാണ്ടു തന്നെ പിന്നിട്ടിരിക്കുന്നു. എത്രയെത്ര അത്ഭുതങ്ങൾ പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥതയാൽ ദൈവം പ്രർത്തിച്ചിരിക്കുന്നു. പ്രർത്തിച്ചു കൊണ്ടിരിക്കുന്നു!

ഇന്ന് പരിശുദ്ധന്റെ പെരുന്നാൾ കൊണ്ടാടുമ്പോൾ, പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നമുക്കു ലഭിക്കുന്ന ആത്മീയശക്തിയും ആത്മവിശ്വാസവും, വെളിച്ചവും ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതസമർപ്പണം, ലളിത ജീവിതം, വിനയം, മനസ്സലിവ്, അടുക്കും ചിട്ടയോടും കൂടിയ ജീവിതം, കൃത്യനിഷ്ഠ, പ്രാർത്ഥനാ സ്വഭാവം എന്നീ ശ്രേഷ്ടതകൾ നമ്മുടെ ജീവിതത്തിലും അനുവർത്തിച്ചുകൊണ്ട് നമ്മുടെ ജീവിതങ്ങളെ ക്രിയാൽമകമാക്കി, പരിശുദ്ധ തിരുമേനിയെ പോലെ നമ്മുടെ ജീവിതങ്ങളെയും തണ്ടിന്മേൽ വച്ച വിളക്കുകളാക്കി മാററുവാൻ ക്രിസ്തുവിൽ നമുക്കും ശ്രമിക്കാം!

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷയിൽ, ഫാ. തോമസ് നെടിയപാലയ്ക്കൽ

# ക്വിസ്സ് നമ്പർ 9 (ഉൽപ്പത്തി 15 - 30)

1. ശബ്ദം യാക്കോബിന്റെ, കൈകൾ ഏശാവിന്റെ തന്നെ എന്നു പറഞ്ഞതാര്.
2. ആട്ടുകൊററനെ പിടിച്ച് യിസഹാക്കിനു പകരം ഹോമയാഗം കഴിച്ച സ്ഥലത്തിനു അബ്രഹാം ഇട്ട പേരെന്ത്?
3. 'അവൻ കാട്ടുകഴുതയെപ്പോലെയുള്ള മനുഷ്യൻ ആയിരിക്കും' ആര്?
4. ഈ സ്ഥലത്ത് ദൈവഭയം ഇല്ല' എന്ന് അബ്രാഹാം അബീമേലെക്കിനോട് പറഞ്ഞത് ഏത് സ്ഥലത്തെക്കുറിച്ചാണ്?
5. ചുവന്ന പായസം യാക്കോബിനോട് ചോദിച്ചതുകൊണ്ട് ഏശാവിനു എന്തു പേരായി?
6. ഇപ്പോൾ ഞാൻ യഹോവയെ സ്തുതിക്കും എന്നു പറഞ്ഞു ലേയ മകനു നൽകിയ പേരെന്ത്?
7. 'അവൻ യഹോവയിൽ വിശ്വസിച്ചു, അതു അവനു നീതിയായി കണക്കിട്ടു' ആരാണ് യഹോവയിൽ വിശ്വസിച്ചത്?
8. ജീവരക്ഷയ്ക്കായി ഓടിപ്പോകുക എന്നു ദൂതന്മാർ പറഞ്ഞപ്പോൾ ലോത്തും കുടുംബവും ഓടിപ്പോയി അഭയം പ്രാപിച്ച പട്ടണം ഏത്?
9. അബ്രാഹാമിന്റെ ദാസൻ റിബെക്കായ്ക്കു നൽകിയ ആഭരണങ്ങൾ എന്തെല്ലാം?
10. ലാബാന്റെ രണ്ടു പുത്രിമാർ ആരെല്ലാം?
11. ദൈവം ബാലനോടു കൂടെ ഉണ്ടായിരുന്നു, അവൻ മരുഭൂമിയിൽ പാർത്തു. മുതിർന്നപ്പോൾ ഒരു വില്ലാളിയായിത്തീർന്നു. അവൻ പാർത്ത മരുഭൂമി ഏത്?
12. മൂന്നു പുരുഷന്മാർക്കു കൊടുക്കുവാൻ എത്ര ഇടങ്ങഴി മാവു എടുത്തു കുഴച്ചു അപ്പമുണ്ടാക്കാനാണ് അബ്രാഹാം സാറായോട് പറഞ്ഞത്?
13. ഗോതമ്പു കൊയ്ത്തു കാലത്തു വയലിൽ നിന്നു ദൂദായിപ്പഴം കൊണ്ടു വന്നു ലേയയ്ക്കു കൊടുത്തതാര്?
14. അബ്രാഹാമിന്റെ ആയുഷ്ക്കാലം എത്ര?
15. ഏശാവ് വേട്ടയാടുന്നതിനുപയോഗിച്ച ആയുധങ്ങൾ എന്തെല്ലാം?

ക്വിസ്സ് നമ്പർ 8 ക്യാൻസൽ ചെയ്തതായി ക്ഷമാപണത്തോടെ അറിയിക്കുന്നു.

**Mrs. Usha Achenkunju**

## Correction

Winner Name wrongly printed in Quiz No. 6 & 7. The correct name was **Joji Susan Mani.** Regret for the mistake.



# Confidence Is Half the Victory

**Leela Alexander**

During a JETZ (Junior Engineers and Technicians of Zambia) club meeting in school leading up to the annual science fair, my class was contemplating building a huge solar heater. One of my students, Fred Mulenga came forward to take the lead on this project. Our department was apprehensive at first, but decided to assign it to him because of the genuine interest he showed. Over the course of the next month, he spent days and nights smearing a huge basket with paper mash both inside and outside, drying it and pasting aluminium foil inside. He suspended a steel cup at the centre where the solar heat radiations were supposed to focus.

He decided that he would make cups of tea with hot (very hot) water from the cup in his solar heater and give to people who came to see his project. He bagged the first prize as his project was ecofriendly, environment friendly and an answer in a small way to the world's energy crisis.

After his win, Fred was invited to the National Science Fair in the capital, Lusaka. He presented the instant tea from the solar heater to the Zambian president and other government officials. And sure enough, he won again. He beamed with the national trophy in his hand in the newspapers the next day.

Fred got a hero's welcome when he came back to school. The story does not end there. This boy, an average performer in academics, got such a huge boost of self-confidence from this project that he hurled himself at preparations for the final exams. He surprised everybody by scoring very high mark in science, got a scholarship for higher education abroad and is now a very important person in the Zambian ministry of education.

So many children have incredible potential in them, but they don't get proper support and a nurturing environment to grow their potential. A few well-chosen words of praise or a gesture of recognition can boost their self-confidence and this self-confidence is half the victory. When children grow up in an environment filled with criticism and negativity, they end up as diffident adults.

Encourage (it's really giving courage) a child and boost his self-confidence. It builds his self esteem. A little praise is something everyone can afford to give! It acts as sunshine for him to grow and flower.

A Bahraini student, very jovial but often a headache to teachers, once happened to answer a question I asked in my Biology class, surprising all his classmates. This small achievement and the recognition he got for it created a keen interest in him to learn my subject. He made sure to attend all my classes instead of sneaking out to play basketball. He scored a 100 percent in the next exam. I remember him standing at the school gate with the answer paper in his hand introducing himself to people he met there with "Hi, I'm the guy who got full marks!" Slowly that interest crept into other subjects too. He did well in the school finals and holds a very good job in Bahrain now.

Yes, being recognized for a job well done sets off a little explosion inside surging you forward to continue achieving. So go ahead, ignite greatness today!

******************************

# ANNOUNCEMENTS

**NEW BORN JOY**

Baby Boy for Mr. Baby K.P. & Mrs. Shaiby Baby. Congratulations!

**WEDDING**

Mr. Denny Elias weds Susan Paul on 03rd October 2010. Congratulations and all the best wishes for a happy and blessed married life.

**CONDOLENCE**

We express our heartfelt condolence to our Secretary Mr. Paul Varghese on the sad demise of his father. May the God Almighty strengthen the sorrowing family to overcome from their grievances. May his soul rest in peace.

# OCTOBER 2010 EVENTS

## SEMINAR ON IMPORTANCE OF COMMUNICATION IN FAMILY LIFE

Social Service League organized a seminar on " Importance of Communication in Family Life" in our Church on Friday the 8th October 2010. The Seminar was conducted by distinguished NLP trainer Mr. Hemant Joshi (General Manager of the Nass Group of Companies) and was well attended. Participants were able to comprehend how little things said or unsaid can make the difference and bring peace and harmony in their family lives. Full credit goes to the Social Service League for successfully arranging such a very useful seminar for the benefit of members of our Church.





## CHURCH PICNIC

ഒക്ടോബർ പതിനഞ്ചാം തീയതി പള്ളിയുടെ പിക്നിക് എല്ലാവരുടെയും പങ്കാളിത്തം കൊണ്ട് വിജയകരമായി നടത്തുകയുണ്ടായി. കൺവീനർ ശ്രീ. ജെർസൺ വളരെ ഭംഗിയായി പരിപാടികൾ ആസൂത്രണം ചെയ്ത് പ്രത്യേകം പ്രശംസ പിടിച്ചുപററി. മിഠായി പെറുക്ക്, ഓട്ടം, വാലു പറിക്കൽ, കസേരകളി, വടം വലി, ചൂടുവെള്ളം കുടി, കുപ്പിയിൽ വെള്ളം നിറക്കൽ, ബോംബിങ്ങ് ദി സിററി, തുടങ്ങി വിവിധ ഇനങ്ങളിലുള്ള മൽസരങ്ങളിൽ എല്ലാവരും ആഹ്ളാദപൂർവ്വം പങ്കെടുത്തു.



## ***Adults Competition 2010***

ഈ വർഷത്തെ Adults Competition ഒക്ടോബർ 29 വെള്ളിയാഴ്ച വി. കുർബ്ബാനയ്ക്കു ശേഷം നടത്തപ്പെട്ടു. കൺവീനർ ശ്രീ കെ. എം. കുര്യന്റെ നേത്ര്യത്വത്തിൽ മഞ്ഞനിക്കര, കോതമംഗലം, പറവൂർ, മണർകാട് എന്നീ ഗ്രൂപ്പുകളായി തിരിച്ച് നടത്തപ്പെട്ട വാശിയും, ആരോഗ്യകരവുമായ മൽസരത്തിന്റെ ചില നിശ്ചലദ്ര്യശ്യങ്ങൾ




2M
1M
4F





## New Memberships



**Mr. Eldho V.K., E 038**
[Wife's Name: Mrs. Saumya Eldho]
**[Mobile: 39755791]**

Vellaringal House, Vilangu Kara & P.O., Ernakulam, Kerala
Tel.: 0484-2682336
Flat 1, Bldg. 318, Road 1861, Gudaibiya, Bahrain
Home Parish: St. Thomas Church, Oorakkad, Diocese: Angamaly



**Mr. Saju T. Abraham, S 110**
[Wife's Name: Mrs. Mini Saju], **[Mobile: 36897007]**

Thekkanatt House,Shirady PO,Nellyady,Mangalore, Karnataka 574229
Tel.: 08251253286

Flat 22, Bldg. 317, Road 206, Manama, Bahrain
Home Parish: St. Peter' & Pouls S.O. Church, Shirady, Mangalore
Diocese: Suvishesha Samajam



**Mr. Shaji Varghese, S 111**
**[Mobile: 36047761]**

Vadakkedathu,Meenakunnam P.O., Muvattupuzha, Ernakulam
Tel.: 0485 2256906

Flat 1, Bldg. 2097, Road 154, Sehla 701, Bahrain
Home Parish: St. Mary's J.S.O. Church, Aroor, Diocese: Kandanadu




**Mr. Thomas George, T 031**
**[Mobile: 36155121]**

Punnamattathil House, Pandappilly P.O., Muvattupuzha, Ernakulam, Kerala
Tel.: 0485 2255032

Flat 2, Bldg. 1183, Road 323, Sh. Ahmed Road, Manama, Bahrain
Home Parish: St. Mary's Jacobite Syrian Orthodox Church
Diocese: Kandanadu

# Are You Bible Literate?
# Bible Crossword #9 (November 2010)



Leela Alexander

**ACROSS**

**3** Which suffering man was a farmer?
**4** Which judge was a wheat farmer?
**8** Which barley farmer married a Moabite woman and became an ancestor of David?
**10** Who was the first farmer?
**12** For which crippled man did David order Ziba to farm the land?
**13** ---- was a shepherd while his brother was a farmer .
**14** Who was the first man to plant a vineyard?

**DOWN**

**1** Who planted the first garden?
**2** Which lieutenant of David had his barley field destroyed by Absalom?
**3** ----- took brown sheep for his own.
**5** Which patriarch farmed in Gerar and received a hundred fold harvest?
**6** Which king of Judah loved farming?
**7** Which king famous for his building projects also planted vineyards and orchards?
**9** He was ploughing when Elijah threw his mantle upon him.
**11** Who had a vineyard that Ahab coveted?

This is the nineth in the series of Bible crossword puzzles for 2010. All the clues are about **farmers and shepherds mentioned in the Bible**. Solve the crossword. A few references are given. Use them if necessary. Please use King James version of the Bible. Deposit your answers in the box near the door to the church as soon as possible, within 7 days after the release of the newsletter. This contest is open to all; Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is ocalexleela@gmail.com

***Useful references: Genesis 4, 1Kings 19, Job 1, Genesis 2, Judges 6, 2Chronicles 26, Genesis 40, Genesis 9, Ruth 1, Genesis 4, 2Samuel 9, 1Kings 21, Genesis 26, 2Samuel 14, Ecclesiastes 2.***

## Answers to Bible crossword July 2010

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| S | A | M | U | E | L | | | E | | | | |
| | | | | L | | | | L | A | B | A | N |
| | D | A | V | I | D | | | I | | | | |
| | | | | S | | P | | J | O | A | B | |
| | R | | | H | | H | | A | | B | | |
| Z | E | C | H | A | R | I | A | H | | R | | |
| | B | | | | | L | | | | A | | |
| | E | | G | | | I | | | | H | | |
| | K | | E | | | P | | E | S | A | U | |
| R | A | C | H | E | L | | J | | | M | | |
| | H | | A | | | | O | | | | | |
| | | | Z | A | C | C | H | A | E | U | S | |
| | | | I | | | | N | | | | | |

## Winners of Bible Crossword July 2010

Abram Biji
Acsah Elezabeth Abraham
Akhil Basil Paulose
Angel Ann Joshua
Anju Paulose
Ann B Abraham
Ann Jeepa Shaj
Ashik James
Ashley Shaju
Aswin Kurian Abraham
Christin Paul
Christy Mary Thomas
Elaine Ajith
Elna Achu James
Elsa Maria Thomas
Flemy P Eby
George K Laji
Jackson Jerom James
Johann Agith
Joseph Sabu
Kamal Baby Paul
Lian Gijo
Linu Varghese
Mahal Mani Ulahannan
Manuvel Benny
Mathew Roy
Merin Mary Basil
Merlin Mary Basil
Milan Mani Mathew
Naomi Johns
Ria Mariam
Ron Joseph
Samuel Benny
Sara Laji
Sharon Paul
Sian Gijo
Sherin Susan Isaac
Sneha Elsa Kuruvilla
Thomas Sabu
Vivek Solomon

July winners: Mathew Roy, Mahal Mani Ulahannan ( Names left out)

*Congratulations*

Leela Alexander




**KAMAL BABY PAUL**
10th Happy Birthday
26.10.2010






**ALJEENA VARGHESE**
1st Happy Birthday
21.10.2010

*Thanks giving*
*for Favours Received*




*Inserted by:*

**SNEHA & ABEL**



**JOHAN**
1st Happy Birthday
04.11.2010



**DIYA SAJI**
**7th Happy Birthday**
**02.11.2010**



**DON SABU**
**6th Happy Birthday**
**11.11.2010**






**NOAH VINOD VARUGHESE**
**Ist Happy Birthday**
**16.11.2010**



**MERLIN SUNIL**
**5th Happy Birthday**
**04.11.2010**